2012 March Price ₹ 40/- Vol.9 Issue 82

# ഡിസൈനർ + ബിൽഡർ

മലയാളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ



- അവാർഡിനർഹമായ രണ്ട് നാഗരിക വസതികൾ
- അസഹനീയം ചില്ലുകൊട്ടാരങ്ങൾ
  – ആർക്കിടെക്റ്റ് ചാൾസ് കൊറയ
- ബഡ്ജറ്റ് ഹോം: മൂന്നുസെന്റ് 15 ലക്ഷം

ഫർണിച്ചർ - ഫർണിഷിങ്
സ്പെഷ്യൽ



# സംതിങ് സ്പെഷ്യൽ

പ്രവീൺ പി.എഫ്.

**ഡിസൈനർ യംങ് ആർക്കിടെക്റ്റ് 2012 എന്ന ബഹുമതിയ്ക്കും മികച്ച റസിഡൻഷ്യൽ പ്രൊജക്റ്റിനുള്ള ഐ ഐ എ ഗോൾഡ് ലീഫ് അവാർഡിനും ആർക്കിടെക്റ്റ് ജയ ദേവിനെ അർഹനാക്കിയ വീട്**

### Best Designer Young Architect Award 2012 - Jury's Comment

"This modernist building stands apart from the rest of entries in its clarity and professionalism in design and construction. As being modernist with clean lines and no reference to the place or history, it provokes reaction albeit in no novel way. The quality of light is well dealt with, so is the landscape, though bordering the current cliche. The interiors are of consistent quality."



ഫോട്ടോ: അശോക് റാം

ആദ്യമായി കാണുന്നവർ. പക്ഷേ വളരെ മുമ്പേ പരിചയമുള്ളതുപോലെ. ഇത്തരം അനുഭവങ്ങൾ എല്ലാവരുടെയും ജീവിതത്തിലുണ്ടാവും. തുറന്ന പെരുമാറ്റവും നിഷ്കളങ്കമായ സമീപനവും ഹൃദ്യമായ ആതിഥേയത്വവുമാണ് ഇത്തരമൊരു ചിരപരിചിതത്വം നമ്മിലുളവാക്കുന്നത്. എറണാകുളത്ത് തൃപ്പുണിത്തുറയിലുള്ള അഭിലാഷ് നായർ - വീണാ നായർ ദമ്പതികളുടെ വീട്ടിലേക്ക് കടന്നുചെല്ലുന്ന ഒരാൾക്ക് അനുഭവവേദ്യമാകുന്നതും ഇങ്ങനെയൊരു ആത്മബന്ധമാണ്. ക്ലൈന്റിന്റെ സൗഹൃദ സ്വഭാവത്തിനിണങ്ങുന്ന ഒരു ഓപ്പൺ ഡിസൈനാണ് 'ഋതു' എന്ന് നാമകരണം ചെയ്ത ഈ വീടിന്റേത്.

ഡിസൈനർ യംങ് ആർക്കിടെക്റ്റ് 2012 എന്ന ബഹുമതിക്ക് ആർക്കിടെക്റ്റ് ജയദേവിനെ അർഹമാക്കിയത് ഈ വീടാണ്. ഡിസൈനിലും നിർമാണത്തിലും പുലർത്തിയിട്ടുള്ള ക്ലാരിറ്റി, പ്രൊഫഷണലിസം എന്നിവ കൊണ്ട് വ്യതിരിക്തമാണ്





സ്ലീപ്പറുകൾ പാകിയ നടപ്പാതയുടെ അരികിലായി ജലാശയം



ഗ്ലാസ് ഭിത്തികൾ വീടിനകത്തെ കാഴ്ചകൾ തടസ്സങ്ങളില്ലാതെ കണ്ണിലെത്തിക്കും



ഗസ്റ്റ് ലിവിങ്ങിനടുത്തായി കോർട്ട്യാർഡ്

ഈ പ്രോജക്റ്റ് എന്ന് ജൂറി അംഗമായ ഡോ. ബി.എസ്. ഭൂഷൻ വിലയിരുത്തുകയുണ്ടായി. ഐ ഐ എ കേരള ചാപ്റ്റർ മികച്ച റസിഡൻഷ്യൽ പ്രൊജക്റ്റിനുള്ള ഐ ഐ എ ഗോൾഡ് ലീഫ് അവാർഡ് 2012 സമ്മാനിച്ചതും ഇതേ വീടിനു തന്നെ. തന്റെ ഹൃദയവും ആത്മാവും പകുത്തു നൽകിക്കൊണ്ട് ആർക്കിടെക്റ്റ് ഡിസൈൻ ചെയ്ത വീടെന്നാണ് ഐ ഐ എ ജൂറി അംഗമായ ആർക്കിടെക്റ്റ് സജ്ഞയ് മോഹെ പ്രോജക്റ്റിനെ വിശേഷിപ്പിച്ചത്. കൊച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന 'ആർക്കിടെക്ചർ ടാൻജിബിൾ' എന്ന ആർക്കിടെക്ചർ കൺസൾട്ടൻസി സ്ഥാപനത്തിന്റെ പ്രിൻസിപ്പൽ ആർക്കിടെക്റ്റാണ് ജയദേവ്.



ഗസ്റ്റ് ലിവിങ്ങിൽ പുസ്തകങ്ങളും മറ്റും സജ്ജീകരിക്കുന്നതിനായി ഒരു ഷെൽഫുമുണ്ട്



ആർക്കിടെക്റ്റ് ജയദേവ്



കിച്ചൻ-ഡൈനിങ്-ലിവിങ്



ഐലന്റ് കിച്ചനോടു ചേർന്ന് ഒരു വാഷ് ഏരിയയുമുണ്ട്

## ട്രാൻസിഷൻ സ്പേസ്

വീടിന്റെ മുൻഭാഗത്ത് എത്തുമ്പോൾ വീടിനകത്തേക്കുള്ള ആദ്യ കാഴ്ച തന്നെ അപരിചിതത്വത്തിന്റെ മറ അനാവരണം ചെയ്യും. ഗ്രില്ലില്ലാത്ത ഗ്ലാസ് ഭിത്തികൾ വീടിനകം തടസ്സങ്ങളില്ലാതെ കണ്ണിലെത്തിക്കുന്നു. രണ്ട് ഗേറ്റുകളിൽ ഒന്ന് വാഹനങ്ങൾക്ക് അകത്തേക്ക് കയറുന്നതിനും, മറ്റൊന്ന് കാൽനടയായി എത്തുന്നവർക്ക് വേണ്ടിയുള്ളതും. ചെറിയ ഗേറ്റിന്റെ ഭാഗത്തുനിന്ന് ആരംഭിക്കുന്ന മരത്തടികൾ പാകിയ നടപ്പാത അവിചാരിതമായ ഒരു സൗന്ദര്യസങ്കല്പമാണ് വെളിവാക്കുന്നത്. ലിവിങ് കം ഡൈനിങ് കം കിച്ചനിലെ സജ്ജീകരണങ്ങൾ വരെ ഒരു 'ഷോപീസ്' കണക്കെ പുറത്തുനിന്നുതന്നെ ദൃശ്യമാവും. ഈ ഒരന്തരീക്ഷമാണ് വീടുമായി മുൻപരിചയത്തിന്റെ മാനസിക അടുപ്പം അതിഥികൾക്കേകുന്നത്.

## സ്ലീപ്പർ വാക്‌വേ

നടപ്പാതയിൽ പാകിയിരിക്കുന്ന മരത്തടികൾ റെയിൽപ്പാളങ്ങൾ ഉറപ്പിക്കുന്നതിനായി ഇടുന്ന സ്ലീപ്പറുകളാണ്. അവ വീടിന്റെ കന്റംപ്രറി ആകൃതിയോട് ചേർന്നു നിൽക്കുമ്പോൾ എക്സ്റ്റീരിയറിന് വല്ലാത്തൊരു വശ്യത ലഭിക്കുന്നതിന് ഇടയാകുന്നു. 45 അടി നീളത്തിൽ റെയിൽപാത കണക്കെ നീണ്ടുകിടക്കുന്ന നാട്ടുവഴിയുടെ അരികിലും, അടിയിലുമായി പരന്നു കിടക്കുന്ന ജലാശയവും പെബിളുകളും പരിസരത്തിന് ഭംഗിയേകുന്നുവെന്നു മാത്രമല്ല, വീടിനകത്തുനിന്നും പുറത്തേയ്ക്കുള്ള കാഴ്ചയെ സമ്പുഷ്ടമാക്കുകയും ചെയ്യുന്നു.

## സിംഗിൾ യൂണിറ്റ്

''അഭിലാഷും വീണയും ഉദ്യോഗസ്ഥരാണ്. അവരുടെ മകൾ മേധ യു കെ ജിയിൽ പഠിക്കുന്നു.

അവരുടെ ജീവിതരീതിയും മികച്ച ആതിഥേയ സ്വഭാവവുമാണ് ഡിസൈൻ രൂപപ്പെടുത്തിയതിലെ മുഖ്യഘടകങ്ങൾ. നേർരേഖകളെ അടിസ്ഥാനമാക്കി സ്പേസുകൾ തമ്മിൽ അങ്ങോട്ടും ഇങ്ങോട്ടും ബന്ധമുണ്ടാവുന്നവിധം ഒരു സിംഗിൾ യൂണിറ്റായി ഫാമിലി ലിവിങ്, ഡൈനിങ്, കിച്ചൻ എന്നിവ ഒരുക്കി. ഇവയ്ക്കിടയിൽ ഭിത്തിയില്ല. പകൽസമയത്ത് കുടുംബാംഗങ്ങൾ വളരെ കുറച്ചു സമയമാണ് ഒരുമിച്ച് ചിലവഴിക്കുന്നത്. വൈകുന്നേരങ്ങളിൽ അവർക്ക് ഒന്നിച്ചു കൂടാനും വർത്തമാനം പറയാനുമൊക്കെ പറ്റുന്ന പൊതുഇടം വേണമായിരുന്നു. ഒരാൾ അടുക്കളയിലാണെങ്കിലും ലിവിങ് റൂമിലിരുന്ന് ടി. വി. കാണുകയും വായിക്കുകയുമൊക്കെ ചെയ്യുന്നവരുമായി സംസാരിക്കാം.'' ആർക്കിടെക്റ്റ് ജയ്ദേവ് പറയുന്നു.

ഫാമിലി ലിവിങ് കൂടാതെ ഒരു ഗസ്റ്റ് ലിവിങ് കൂടി വീടിനുണ്ട്. ഒരു കോറിഡോറിന് ഇരുവശത്തുമായാണ് ലിവിങ് റൂമുകൾ സ്ഥിതി ചെയ്യുന്നത്. ഗസ്റ്റ് ലിവിങ് ഭൗതികമായി വിട്ടുനിൽക്കുന്നുവെങ്കിലും കാഴ്ചയിൽ ഫാമിലി ലിവിങുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്ന കോറിഡോർ സ്പേസ് ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് ഒഴുകിപരക്കുന്നതിനും ചൂട് കുറയ്ക്കുന്നതിനും ഉപകരിക്കും. എല്ലാ ഇടങ്ങളും തമ്മിൽ പരസ്പര ബന്ധമുള്ളതുകൊണ്ടും ശരിയായ വിധം വെന്റിലേറ്റ് ചെയ്തിരിക്കുന്നതിനാലും അവയ്ക്കിടയിലെ വായുസഞ്ചാരം സുഗമമായിരിക്കും. ഇതു ചൂട് കുറയ്ക്കും. കോറിഡോറിന്റെ ഭാഗത്ത് ഒരു പൗഡർ റൂമുമുണ്ട്.


''കോറിഡോറിന്റെ വശമാണ് പൗഡർറൂമിന് ഏറ്റവും അനുയോജ്യമായത്. കാരണം അതിഥികൾക്കും വീട്ടിലുള്ളവർക്കും ഒരു പോലെ ഉപയോഗിക്കുവാൻ പറ്റും. പൗഡർറൂമിൽ ഉള്ളതിനേക്കാൾ കൂടുതൽ ഇടമുണ്ടെന്ന് തോന്നും. ഭിത്തിയിൽ നിന്നും ഭിത്തിയിലേക്ക് വ്യാപിക്കുന്ന വെന്റിലേറ്ററുകൾ അവിടെ നാച്വറൽ ലൈറ്റും വായുവും നിറയ്ക്കുന്നു.'' ആർക്കിടെക്റ്റ് ജയദേവ് പറയുന്നു.

## സുഖശീതളിമ

ഗസ്റ്റ് ലിവിങ് ഒരു കോർട്ട്യാർഡിനു ചാരെയാണ്. പ്രധാന വാതിൽ കടന്നാലുടൻ കോറിഡോറിനടുത്തുള്ള കോർട്ട്യാർഡിന്റെ സുഖശീതളിമ നമ്മെ തൊടും. വലിയ ഗ്ലാസ് വിന്റോയാണ് കോർട്ട്യാർഡിനു



ബെഡ്റൂമുകളിലേയ്ക്ക് കടക്കുവാനുള്ള കോറിഡോർ





ഐലന്റ് കിച്ചൻ: പൊതുവെ വീടിലാകമാനം കൺസീൽഡ് ലൈറ്റിങ്ങാണ് ഉപയോഗിച്ചിട്ടുള്ളത്

ലിവിങ് റൂമിനടുത്തുള്ള ഷേഡഡ് ഏരിയ



സ്കൈലൈറ്റാണ്. ബെഡ്റൂമുകളുടെ ഭാഗത്തുള്ള കോറിഡോറിലേക്ക് പ്രകാശം ചൊരിയുന്ന സ്കൈലൈറ്റാണിത്. ഇതിനു ചുറ്റും ലൂവറുകൾ കൊടുത്തതു വഴി വീടിനകത്തേക്ക് സമൃദ്ധമായ വായു പ്രവാഹം ഉണ്ടാവും. മൂന്നു ബെഡ്റൂമുകളുടെയും മധ്യഭാഗത്തായയാണ് കോറിഡോറുള്ളത്. ലൂവറുകൾ വഴി കോറിഡോറിലെത്തുന്ന വായു ബെഡ്റൂം ഭിത്തികളുടെ മുകൾഭാഗത്തുള്ള സ്ലിറ്റുകളിലൂടെ ബെഡ്റൂമിനകത്തേക്കും പ്രവേശിക്കും. അങ്ങനെ വീടിനകത്താകമാനം ക്രോസ് വെന്റിലേഷൻ സാധ്യമാക്കിയിരിക്കുന്നു. എല്ലാ ബെഡ്റൂമിനും ഡ്രസ് ഏരിയയും അറ്റാച്ച്ഡ് ടോയ്ലറ്റുമുണ്ട്." ആർക്കിടെക്റ്റ് ജയദേവ് പറയുന്നു.

## കന്റംപ്രറി ശൈലി

കന്റംപ്രറി ശൈലിയിലുള്ള വീടിന്റെ ഫ്ളോറിങ്ങിന് ടെറാകോട്ട ടൈലുകൾ ഉപയോഗിച്ചിരിക്കുന്നത് ഒരു അപൂർവ്വതയാണ്. ടെറാകോട്ടാ ടൈലിന്റെ മങ്ങിയ ബ്രൗൺ നിറം വെള്ള ഭിത്തികളെ എടുത്തു കാണിക്കുന്നുണ്ട്. സീലിങ് വരെ മുട്ടിനിൽക്കുന്ന വലിയ ഗ്ലാസ് വിന്റോകൾ ഉപയോഗിച്ചിരിക്കുന്നതിനാൽ ജനലിന് ലിന്റലുകളില്ല. ബെഡ്റൂമിനും നിലം മുതൽ മുകൾഭാഗം വരെയുള്ള സ്ലീക്ക് വിന്റോകളാണുള്ളത്. ഈ പ്രൊജക്റ്റിന്റെ പ്രോജക്റ്റ് മാനേജ്മെന്റ് നിർവ്വഹിച്ചത് ഗുഡ്എർത്ത് ആണ്.

കോർട്ട്യാർഡും കോറിഡോറിലെ സ്കൈലൈറ്റും ലിവിങ്റൂമിനോടു ചേർന്ന ഡെക്കും ടെറസ്ഗാർഡനുമൊക്കെ അതാത് സ്പേസുകളിലെത്തുമ്പോൾ മാത്രം വെളിപ്പെടുത്തുന്ന ആർക്കിടെക്ചർ തന്ത്രം അടുപ്പത്തിനൊപ്പം ആശ്ചര്യവും നമ്മിലുളവാക്കും. വീട്ടിലെ ഓരോ മുറിയിലേക്ക് കയറുമ്പോഴും നമ്മെ കാത്തിരിക്കുന്ന ഈ കൗതുകകാഴ്ചകളാണ് വീട് കാഴ്ചവയ്ക്കുന്ന സൗഹൃദമനോഭാവത്തെ പ്രത്യേകത നിറഞ്ഞതാക്കി മാറ്റുന്നത്. ■